LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് കെൽ ഫാക്ടറിയുടെ വികസനത്തിന് നടപടി

11 [943] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെൽ ഫാക്ടറി എന്നാണ് നിലവിൽ വന്നതെന്നും എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നുമുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ലാഭനഷ്ടക്കണക്ക് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെൽ-കാസർഗോഡ് യൂണിറ്റ് 1990 ആഗസ്റ്റ് മാസം മുതലാണ് പ്രവർത്തനം തുടങ്ങിയത്. ഇപ്പോൾ 240 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇതുവരെയുള്ള ലാഭനഷ്ടക്കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കെൽ-ന്റെ കാസർഗോഡ് യൂണിറ്റിന് വേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത ദീർഘകാല വായ്പയും പലിശയും കൂടി ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം അടച്ചുതീർക്കുന്നതിനായി 1721 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഇൽമനൈറ്റ് ക്ഷാമം പരിഹരിക്കാൻ നടപടി

12 [944] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാഭകരമായി പ്രവർത്തിച്ചുവരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഇൽമനൈറ്റ് ക്ഷാമം കാരണം ഇപ്പോൾ ഉൽപ്പാദന പ്രതിസന്ധി നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇൽമനൈറ്റ് വിതരണം ചെയ്യുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് ആവശ്യമായ അളവിൽ ഇൽമനൈറ്റ് നൽകാതിരിക്കുകയും സ്വകാര്യ കമ്പനികൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ സമീപനത്തിനെതിരെ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന് ആവശ്യമായ അളവിൽ ഇൽമനൈറ്റ് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.